(സി) എസ്.എൽ.പി. ഫയൽചെയ്ത ഉദ്യോഗാർത്ഥികളിൽ 24 പേർ അപേക്ഷ സമർപ്പിച്ച ജില്ലകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	- 2
കോട്ടയം	- 2
ഇടുക്കി	- 2
തൃശ്ശൂർ	- 2
കോഴിക്കോട്	- 4
വയനാട്	- 3
പാലക്കാട്	- 9

ഏഴ് ഉദ്യോഗാർത്ഥികൾ (എസ്.എൽ.പി. ഫയൽ ചെയ്തവർ) ഒരു ജില്ലയിലും അപേക്ഷിച്ചിട്ടില്ല.

(ഡി) കൊല്ലം ജില്ലയിലേയ്ക്ക് പരാതിക്കാരിൽ ആരും അപേക്ഷിച്ചിട്ടില്ല.

ഡ്രൈവർ തസ്തിക (സ്പെഷ്യൽ റിക്രൂട്ട്മെന്റ്)യിലെ നിയമനം

78 (81) ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിലേക്ക് ഡ്രൈവർ തസ്തിക (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) യിലേക്ക് നിയമനത്തിനായി പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചുവെന്നും എത്ര വേക്കൻസി നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

തിരുവനന്തപുരം ജില്ലയിൽ ഡ്രൈവർ ഗ്രേഡ് II (LDV) തസ്തികയുടെ (Sr for SC/ST) റാങ്ക് പട്ടിക 30-1-2015-ന് നിലവിൽ വരികയും റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു ഒഴിവിലേയ്ക്ക് നിയമന ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്.

സേവനാവകാശ നിയമം

79 (82) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ സർക്കാർ കാര്യാലയങ്ങളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അതിന്റെ ഗുണഫലം ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly